*Police officers promoted to the I. P. S. Cadre.

*1788. [36] **Shri K. C. Abraham:** Will the Minister for Finance be pleased to state:

(a) The number of Police Officers that have been promoted to the I. P. S. Cadre since the present Government assumed office;

(b) who are those officers;

(c) what is the basis for promotion;

(d) whether the claims of any officer for promotion have been denied because of political considerations;

(e) how many officers are there in the State in the I. P. S. Cadre at present, who are they?

Minister for Finance (**Shri C. Achutha Menon**):

(a) 4 (Four).

(b) Sri K. Ramanujam, I. P. S.
„ P. Gopalan, I. P. S.
„ K. Sethumadhava Menon, I. P. S.
„ K. Madhavan Pillai, I. P. S.

(c) Extracts of the Rules † governing the selection of State Officers to the I. P. S. are placed on the table of the House.

(d) No.

(e) 14 of the I. P. S., 1 of the I. P. in addition to six officers of I. P. S. under probation. The list of officers is placed on the table of the House.

ബസ്സ്സ്റ്റാൻഡിലുള്ള മൂത്രപ്പുരകളും കക്കൂസുകളും.

*1789. [37] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ ട്രാൻസ്പോർട്ട് ബസ്സ്സ്റ്റാൻഡുകളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം സൗകര്യങ്ങളുള്ളവയും വൃത്തിയുള്ളവയുമായ മൂത്രപ്പുരകളും കക്കൂസുകളുമില്ലെന്ന പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† Please see Appendix IV.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ തലസ്ഥാനങ്ങളിലുള്ള ബസ്സ് സ്റ്റാൻഡുകളിൽ സൌകര്യവും വൃത്തിയുമുള്ള കക്കൂസുകളും മൂത്രപ്പുരകളും കുടിവെള്ളവും വെയിറ്റിംഗ് ഷെഡ്ഡുകളും നിർമ്മിക്കാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി വി. തോമസ്):

(എ) ഉണ്ട്; എന്നാൽ ജില്ലാ തലസ്ഥാനങ്ങളിലുള്ള ബസ്സ് സ്റ്റാൻഡുകളിൽ മെച്ചപ്പെട്ടവിസർജ്ജനത്തിനുള്ള സാമാന്യ സൌകര്യങ്ങൾ ചെയ്യുവരുന്നുണ്ട്.

(ബി) ഇപ്പോഴുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

ലോൺ കൊടുക്കാനുള്ള വ്യവസ്ഥകൾ.

* 1790. [39] ശ്രീ. കെ. അവുക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ലി മെമ്പറന്മാർക്ക് ലോൺ കൊടുക്കുവാനുള്ള വല്ല വ്യവസ്ഥയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ലോൺ നൽകുക;

(ഡി) ഇതിനു വല്ല സെക്യൂരിറ്റിയും ആവശ്യമാണോ;

(ഇ) വല്ല മെമ്പറന്മാർക്കും ലോൺ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വ്യവസ്ഥയിൽ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി, സി, ഡി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഇ) ഉണ്ട്. ഡെപ്യൂട്ടിസ്പീക്കർ ശ്രീമതി കെ. കെ. ഐഷാബായിക്ക് 4 1/2 ശതമാനം സാധാരണപലിശ 1 ശതമാനം വീഴ്ചപ്പലിശ (penal interest) എന്നീ നിരക്കിൽ 7000 രൂപ കാർ വാങ്ങിക്കുന്നതിനായി സ്പെഷ്യൽ വായ്പ കൊടുത്തിട്ടുണ്ട്. ഈ തുകയും പലിശയും ശമ്പളത്തിൽനിന്നു പ്രതിമാസം 200 രൂപാവീതവും ശമ്പളമില്ലാതെവരുമ്പോൾ ബാക്കി മൊത്തമായും അടച്ചുതീർക്കേണ്ടതാണ്. മുന്നിൽപ്പരം ഏക്കർ സ്ഥാവരവസ്തുക്കൾ ജാമ്യമായി കൊടുത്തിട്ടുള്ളതുകൂടാതെ വാങ്ങിക്കുന്ന കാർ ഗവണ്മെൻറിലേക്ക് പണയപ്പെടുത്തേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly